# കേരള സർക്കാർ

# വാളകം ഗ്രാമപഞ്ചായത്ത്

## 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

website : www.lfa.kerala.gov.in

e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട് സഹിതം)

കെ.എസ്.എ.ഇ.കെ.എം. (പി.14) 136/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in
തീയതി: 09.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാളകം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:-വാളകം ഗ്രാമപഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാളകം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നമ്പർ കെ.എസ്.എ.ഇ.കെ.എം.(പി.14 ) 136 /2020

തീയതി :09.03.2020

## <u>എറണാകുളം ജില്ലയിലെ വാളകം ഗ്രാമപഞ്ചായത്തിന്റെ</u>

## <u>2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള</u>

## <u>ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വാളകം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 04.06.2018 മുതൽ 09.01.2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.നൽകിയ 17 അന്വേഷണക്കുറിപ്പുകൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വിനോദ് കെ .കെ.,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.01.2020 മുതൽ 20.01.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി .ശ്രീജ ഉണ്ണികൃഷ്ണൻ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഹരീഷ് ബാബു എൻ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>(15.01.2020 മുതൽ 20.01.2020 വരെ) |

| | |
|---|---|
| | ശ്രീമതി. ബബിത ബി. കുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. കവിത എസ്. കണ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

<u>(ബി) നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ലീല ബാബു | 01.04.2018 മുതൽ 31.03.2019 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | ശ്രീ എം. എം. സുബൈദ | 01.04.18 | 31.03.19 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. സുബിത നായർ സി. | 01.04.18 | 31.03.19 |
| കൃഷി ഓഫീസർ | ശ്രീമതി. ജാസ്മിൻ തോമസ് | 01.04.18 | 09.07.18 |
| | ശ്രീമതി. സിന്ധു വി. പി. | 10.07.18 | 01.01.19 |
| | ശ്രീമതി. ശ്രീലക്ഷ്മി കെ. | 02.01.19 | 13.03.19 |
| | ശ്രീ. എൽദോസ് എബ്രഹാം (ചാർജ്ജ്) | 14.03.19 | 31.03.19 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ .സാം സാബു മാത്യു | 01.04.18 | 21.06.18 |
| | ശ്രീമതി. യമുന പി .ബി. | 22.06.18 | 31.03.19 |
| മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി.) | ഡോ.ശ്രീലേഖ ദിവാകരൻ | 01.04.18 | 03.07.18 |
| | ഡോ.കമൽജിത്ത് ജെ. | 04.07.18 | 31.03.19 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ബീന വർഗീസ് | 01.04.18 | 18.07.18 |
| | ഡോ.വന്ദന ഗോപാലകൃഷ്ണൻ | 19.07.18 | 31.03.19 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.കെ.എൻ.മഞ്ജുള | 01.04.18 | 29.07.18 |
| | ഡോ.അമ്പിളി പി നായർ | 30.07.18 | 31.03.19 |
| വെറ്ററിനറി സർജൻ | ഡോ.സോമോൾ എബ്രഹാം | 01.04.18 | 31.03.19 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(വാളകം വെസ്റ്റ്) | ശ്രീ .മുഹമ്മദ് സാലിഹ്.റ്റി.എസ് | 01.04.18 | 31.03.19 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(വാളകം ഈസ്റ്റ്) | ശ്രീ.ജിനോ സി. ജോൺ | 01.04.18 | 23.04.18 |
| | ശ്രീമതി .മായ കെ. വി. | 24.04.18 | 11.07.18 |
| | ശ്രീമതി .നീതു കെ. വിദ്യൻ | 11.07.18 | 31.03.19 |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| ഹെഡ് മിസ്ട്രസ്, ജി യു പി എസ് മേക്കടമ്പ് | ശ്രീമതി. ലത എബ്രഹാം | 01.04.18 | 31.03.19 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ~~ശ്രീമതി. സി ഡി സൂസമ്മ~~ | ~~01.04.18~~ | ~~17.07.18~~ |
| | ശ്രീമതി .ദർശിനി ഷിബു | 18.07.18 | 31.03.19 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. മറീന പോൾ | 01.04.18 | 31.03.19 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഗുണഭോക്തൃവിഹിതം പിരിച്ചതിലെ അപാകത | 1-12 |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-13 |
| 14 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്-വാടകകുടിശികയും വാടകക്കാരിൽ നിന്നും നികുതി, ലൈസൻസ് എന്നിവ ഈടാക്കുന്നതും സംബന്ധിച്ച് | 1-14 |
| 15 | സ്കൂളുകളുടെ വെള്ളക്കരം -കുടിശികയായതിന് രേഖകളില്ല | 1-15 |
| 16 | വെള്ളക്കരമിനത്തിൽ കൂടുതൽ തുക ചെലവഴിച്ചു | 1-16 |
| 17 | മൂലധനനിക്ഷേപത്തിനനുസൃതമായി ലൈസൻസ് ഫീസ് നിർണ്ണയിക്കുന്നത് സംബന്ധിച്ച് | 1-17 |
| 18 | കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്വീകരിച്ചത് സംബന്ധിച്ച് | 1-18 |
| 19 | വാട്ടർ അതോറിറ്റി - പ്രവൃത്തി പൂർത്തീകരണത്തിന് ശേഷം തുക തിരികെ ലഭിച്ചില്ല | 1-19 |
| 20 | സ്കൂൾ മെയിന്റനൻസ്-അപാകത | 1-20 |
| 21 | സ്ട്രീറ്റ് ലൈറ്റ് പദ്ധതി നിർവ്വഹണം സംബന്ധിച്ച് | 1-21 |
| 22 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്-ജി.എസ്.ടി.അനുവദിച്ചതിലെ അപാകതകൾ | 1-22 |
| 23 | കരിങ്കൽ കെട്ട്-അധിക നിരക്ക് നൽകി | 1-23 |
| | ഭാഗം – 2 | |
| | | |

| | | |
|---|---|---|
| | ഇല്ല | |
| | ഭാഗം - 3 | |
| 24 | സ്കൂൾ മെയിന്റനൻസ് -അധിക തുക നൽകിയത് സംബന്ധിച്ച് | 3-1 |
| 25 | കരിങ്കൽ കെട്ട്-അധിക നിരക്ക് നൽകി | 3-2 |
| 26 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്-ജി.എസ്.ടി.അനുവദിച്ചത് സംബന്ധിച്ച് | 3-3 |
| | ഭാഗം - 4 | |
| 27 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 4-1 |
| 28 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 29 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 31 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 32 | സ്ഥിര നിക്ഷേപം | 4-6 |
| 33 | ഓഡിറ്റ് റിക്കവറി | 4-7 |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 35 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 37 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 38 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം 1 |
| 39 | ബാലൻസ് ഷീറ്റ് -2018-19 | അനുബന്ധം 2 |
| 40 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2018-19 | “ |
| 41 | റെസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 | “ |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

14.03.2018 തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 27.05.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2018-19 | 14.6.2019&15.6.2019 | KSA EKM(PG)1227(15) /19 /02.08.2019 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ് , ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5616451.20 |
| വരവ് | 62245257.00 |
| ആകെ | 67861708.20 |
| ചെലവ് | 60458166.00 |
| നീക്കിയിരിപ്പ് | 7403542.20 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | | 11427027 | 11427027 | 11427027 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | | 1983000 | 1983000 | 1983000 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | | 129000 | 129000 | 129000 | 0 |
| മെയിന്റനൻസ് ഫണ്ട്-റോഡ് | | 19357121 | 19357121 | 19357121 | 0 |
| മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് | | 2500207 | 2500207 | 2500207 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 5232813 | 5232813 | 5232813 | 0 |
| സാക്ഷരതാ ഫണ്ട് | 17699 | 59166 | 76865 | 58538 | 18327 |

| | | | | | |
|---|---|---|---|---|---|
| ദുരിതാശ്വാസ നിധി | 2989 | 101 | 3090 | 0 | 3090 |
| എം.ജി.എൻ ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1882 | 274926 | 276808 | 273098 | 3710 |
| എം.ജി.എൻ.ആർ ഇ.ജി.എസ്-കൂലിച്ചെലവ് | 0 | 15891304 | 15891304 | 15891304 | 0 |
| ശുചിത്വമിഷൻ | 2001022 | 309000 | 2310022 | 155652 | 2154370 |
| സാനിറ്റേഷൻ | 437387 | 140000 | 577387 | 140000 | 437387 |
| ഐസിഡിഎസ് | 213245 | 522582 | 735827 | 497725 | 238102 |
| വിമുക്തി | 0 | 25000 | 25000 | 0 | 25000 |
| നബാർഡ് | 129698 | 0 | 129698 | 0 | 129698 |
| ജോയിന്റ് വെഞ്ചർ-ജില്ലാ പഞ്ചായത്ത് | 346861 | 1551200 | 1898061 | 1551200 | 346861 |
| ജോയിന്റ് വെഞ്ചർ-ബ്ലോക്ക് പഞ്ചായത്ത് | 0 | 805883 | 805883 | 805883 | 0 |
| ബി ഫണ്ട് | 0 | 30796000 | 30796000 | 30796000 | 0 |
| ജനറൽ പർപ്പസ് ഫണ്ട് (ട്രഷറി) | (116491) | 7260158 | 7143667 | 5937260 | 1206407 |
| തനത് ഫണ്ട് (ബാങ്ക്) | 2582159.20 | 9842745 | 12424904.20 | 9584314 | 2840590.20 |

1) വികസനഫണ്ട് (ജനറൽ) ആകെ വരവ് തുക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 1,13,91,369/-രൂപയാണ്. എന്നാൽ തൻ വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന വരവ് തുക 1,14,27,027/-രൂപയാണ്. വ്യത്യാസം 35,658/-രൂപയാണ്. നെല്ലൽപ്പാദക ബോണസായി ലഭിച്ച തുകയാണിത്.
2) ശുചിത്വമിഷൻ അക്കൗണ്ടിൽ മുൻ വർഷത്തെ റിപ്പോർട്ടിൽ നീക്കിബാക്കിയായി രേഖപ്പെടുത്തിയിരുന്നത് 2,01,022/-രൂപയാണ്. എന്നാൽ തൻ വർഷത്തെ കണക്കുകൾ പരിശോധിച്ചതു പ്രകാരം ശുചിത്വമിഷൻ അക്കൗണ്ടിന്റെ മുൻ ബാക്കി 20,01,022/-രൂപയാണ്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗീകമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 168 | 18,83,5000 | 138 | 18,76,3,014 | 30 | 0 | 82 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1882 | 2,74,926 | 2,76,808 | 2,73,098 | 3710 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 1,58,91,304 | 1,58,91,304 | 1,58,91,304 | 0 |

| ആകെ | 1882 | 1,61,65,780 | 1,61,68,112 | 1,61,64,402 | 3710 |
|---|---|---|---|---|---|

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 34,800 | 27 |
| കർഷക തൊഴിലാളി പെൻഷൻ | 73,09,600 | 2397 |
| വിധവാപെൻഷൻ | 69,64,400 | 2199 |
| വാർദ്ധക്യകാല പെൻഷൻ | 1,34,49,600 | 4173 |
| ശാരീരികവും, മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 25,05,200 | 782 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 5,32,400 | 162 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90,000 | 3 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.01.2020 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22085/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

1) പ്രൊക്യൂർമെന്റ് ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നില്ല.

പഞ്ചായത്തിന് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാൻ ഇല്ല. പ്രൊക്യൂർമെന്റ് ചട്ടങ്ങളിൽ വാങ്ങേണ്ടി വരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തുവാനും ബാധകമായ നടപടി ക്രമമനുസരിച്ച് സമാഹരണ രീതി ആരംഭിക്കുവാനും നിഷ്കർഷിച്ചിട്ടുണ്ട്.

2) മോണിറ്ററിംഗ്

ഏതൊരു പ്രൊജക്റ്റിന്റേയും ജയപരാജയങ്ങൾ വിലയിരുത്തുന്നത് കൃത്യമായ മോണിറ്ററിംഗിലൂടെയാണ്. മോണിറ്ററിംഗ് റിപ്പോർട്ട് മിക്ക ഫയലിലും ഉണ്ടെങ്കിലും മിക്കതിലും കൃത്യമായ വിവരങ്ങൾ ചേർത്തിട്ടില്ല. പ്രോജക്ടുകളിൽ കൃത്യമായി മോണിറ്ററിംഗ് നടത്തേണ്ടതാണ്.

3)സ്റ്റോക്ക് രജിസ്റ്റർ-തീയതിയിൽ കൃത്രിമം

വെറ്ററിനറി സർജൻ ഹാജരാക്കിയ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ കാലാവധി കഴിഞ്ഞ മരുന്ന് വിതരണം ചെയ്യുകയും വൈറ്റ്നർ ഉപയോഗിച്ച് തീയതിയിൽ കൃത്രിമം നടത്തിയതായും കാണുകയുണ്ടായി (സ്റ്റോക്ക് രജിസ്റ്റർ പേജ് നം.59). INTAMOX 0.2 എന്ന ഗുളികയുടെ കാലാവധി 01/19 ന് കഴിഞ്ഞിട്ടും 12/19 വരെ വിതരണം ചെയ്തിട്ടുണ്ട്. പിന്നീട് വിതരണം ചെയ്ത തീയതി 12/18 എന്ന് തിരുത്തുകയും ചെയ്തു. ഇത്തരം പ്രവണതകൾ ഒഴിവാക്കേണ്ടതും കാലാവധി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

4)ആസ്തി രജിസ്റ്റർ, റോഡ് മാപ്പ് എന്നിവ ഡിജിറ്റൈസ് ചെയ്തിട്ടില്ല. റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.

5)തെരുവ് വിളക്കുകൾ മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറ്റിയിട്ടില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.12.2019 | 10/2019,11/2019 | 10.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.06.2016 | 2011-12 മുതൽ 2015- 16 വരെ | 19.07.2016 |

# 1-12 തെങ്ങ് കൃഷി വികസനം-ഗുണഭോക്തൃവിഹിതം പിരിച്ചതിൽ അപാകത

| | |
|---|---|
| പ്രോജക്റ്റ് നം. | 85/19 |
| പേര് | തെങ്ങ് കൃഷി വികസനം |
| അടങ്കൽ | 3,57,700/- |
| | 2,69,700/- |

| | |
|---|---|
| | (വികസന ഫണ്ട്) |
| | 88,000/- (ഗുണഭോക്തൃവിഹിതം) |
| ചെലവ് | 3,57,700/- |
| | 2,69,700/-<br>(വികസന ഫണ്ട്)<br>ബിൽനം-6/18-19<br>തീയതി-31/12/18 |
| | 88,000/- (ഗുണഭോക്തൃവിഹിതം)<br>ചെക്ക്നം-1536397<br>തീയതി-11/1/19 |

കൃഷി ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം 150/- രൂപ വിലയുള്ള 2200 തെങ്ങിൻതൈകൾ ഇരിങ്ങാലക്കട അഗ്രിക്കൾച്ചറൽ നഴ്സറിയിൽ നിന്ന് വാങ്ങി കേരകർഷകർക്ക് വിതരണം ചെയ്തിരുന്നു. തൈ ഒന്നിന് 110/- രൂപ പദ്ധതി വിഹിതവും 40/- രൂപ ഗുണഭോക്തൃവിഹിതവുമായി നിർണയിച്ചാണ് പദ്ധതി നടപ്പാക്കിയത് {ആകെ പദ്ധതി വിഹിതം =269700/- തൈകളുടെ വില=242000 മറ്റ് ചെലവുകൾ=27700}. അപ്രകാരം 88,000/- രൂപ ഗുണഭോക്തൃവിഹിതമായി (40*2200) കർഷകരിൽ നിന്ന് ഈടാക്കി തനത് ഫണ്ടിൽ അടവാക്കിയിട്ടുമുണ്ട്. (രസീത്.നം- 18020102785,തീയതി-19/12/18). എന്നാൽ ഗുണഭോക്താക്കൾക്ക് രസീത് നൽകി നിർവഹണോദ്യോഗസ്ഥൻ നേരിട്ട് പിരിക്കുന്നതിന് പകരം കൺവീനർ മുഖേനയാണ് ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതെന്ന് കാണുന്നു.വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം- 9/17.1.2020) നൽകിയ മറുപടി കൂടി പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെക്കൊടുക്കുന്നു.

1) ശ്രീ പി.എ.രാജു എന്ന വ്യക്തിയാണ് (കൺവീനർ ) ഗുണഭോക്തൃവിഹിതമായ 88,000/- രൂപ അടവാക്കിയിട്ടുള്ളത്. ടി വ്യക്തി ഏത് സമിതിയുടെ കൺവീനറാണെന്നുള്ള ഓഡിറ്റ് അന്വേഷണത്തിന് കാലതാമസം കൂടാതെ പദ്ധതി നടപ്പിൽ വരുത്തുന്നതിലേക്ക് കൂടിയ ഗുണഭോക്താക്കളുടെ അടിയന്തിര യോഗത്തിൽ, ഗുണഭോക്താവും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനുമായ അദ്ദേഹത്തെ കൺവീനറായി തിരഞ്ഞെടുത്തതാണെന്നറിയിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം കൺവീനറെ തിരഞ്ഞെടുത്തത് ഏതെങ്കിലും ഉത്തരവിന്റെ അടിസ്ഥാനത്തിലാണോയെന്ന് വിശദീകരിച്ചിട്ടില്ല.

2) കേരള ഫിനാൻഷ്യൽ കോഡ് (വോള്യം 1) ആർട്ടിക്കിൾ 7(1) പ്രകാരം പണം ഈടാക്കുമ്പോൾ രസീത് നൽകണം. സബ്സിഡി മാർഗരേഖ –സർക്കാർ ഉത്തരവ് (എം.എസ്) 22/2018 ത.സ്വ.ഭ.വ 14.2.2018, കൃഷി-6.1, കുറിപ്പ്-6 പ്രകാരം വ്യക്തികൾ നേരിട്ടല്ലാതെ വാങ്ങിക്കുന്ന സംഗതികളിൽ ഉൽപ്പാദനോപാദികൾ നൽകുന്നതിന് മുമ്പായി സബ്സിഡി കിഴിച്ചുള്ള തുക ഗുണഭോക്താക്കൾ പണമായി കൃഷിഭവനിൽ അടച്ചിരിക്കണമെന്ന് നിഷ്ക്കർഷിക്കുന്നുമുണ്ട്. തെങ്ങിൻതൈകൾ ലഭ്യമാവുന്നതിനുള്ള

ബുദ്ധിമുട്ടുണ്ടായത് മൂലമാണ് ഗുണഭോക്തൃവിഹിതം മുൻകൂറായി ശേഖരിക്കാൻ കഴിയാതിരുന്നതെന്നറിയിച്ചിട്ടുണ്ടെങ്കിലും ഗുണഭോക്തൃവിഹിതം അടച്ച വ്യക്തികൾക്ക് രസീത് നൽകുന്നതിന് പകരം കൺവീനർക്കാണ് നിർവഹണോദ്യോഗസ്ഥൻ രസീത് നൽകിയിട്ടുള്ളതെന്ന അപാകത നിലനിൽക്കുന്നു.

3) ശ്രീ.പി.എ.രാജു എന്ന വ്യക്തിയെ കൺവീനറായി നിയമിച്ച് ഗുണഭോക്തൃവിഹിതം ശേഖരിച്ച നടപടിക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കിയിട്ടില്ല.അംഗീകാരം ലഭിച്ച കമ്മിറ്റി മിനിറ്റ്സ് പകർപ്പ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

മേൽ പരാമർശങ്ങൾക്ക് കൂടി വിശദീകരണം നൽകേണ്ടതും ഭാവിയിൽ സബ്സിഡി മാർഗരേഖ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രം പദ്ധതി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-13 തൊഴിൽ നികുതി ഈടാക്കിയില്ല

എ) താഴെപ്പറയുന്ന സ്ഥാപനത്തിൽ നിന്നും 2018-19 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| | |
|---|---|
| റേഷൻകട (14ാംവാർഡ് കെട്ടിടനമ്പർ – 185A) | സ്ഥാപന തൊഴിൽ നികുതി |

വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്കുള്ള മറുപടിയായി (നം- 4/15.01.2020) റേഷൻ കടയിൽ നിന്നും നികുതി ഈടാക്കിയിട്ടില്ലാന്നറിയിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിൽ നിന്നും ചട്ട പ്രകാരമുള്ള നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

ബി) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോയെന്നാവശ്യപ്പെട്ട് എൻക്വയറി നൽകിയതിൽ കരാറുകാരാരും തന്നെ നികുതി ഈടാക്കുന്നതിനാവശ്യമായ കാലയളവിൽ പ്രവൃത്തി ചെയ്തില്ലായെന്നാണ് സെക്രട്ടറി മറുപടി നൽകിയത്. ആയത് അംഗീകരിക്കാവുന്നതല്ല. തൻവർഷം രണ്ടും അതിൽക്കൂടുതലും പ്രവൃത്തി ചെയ്ത കരാറുകാരുടെ പേരും അവർ തൻവർഷം ഏറ്റെടുത്ത പദ്ധതികളുടെ വിവരവും താഴെ കൊടുക്കുന്നു.അസിസ്റ്റന്റ് എൻജിനീയറുമായി ബന്ധപ്പെട്ട് ആയതിന്റെ വിശദാംശങ്ങൾ ശേഖരിച്ച് ടിയാൻമാർക്കും സമാനമായ രീതിയിൽ മറ്റെല്ലാ കരാറുകാർക്കും ചട്ടപ്രകാരം ബാധകമായ നികുതി നിർണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | പേര്, മേൽവിലാസം | ഏറ്റെടുത്ത് നടത്തിയ പ്രവർത്തിയുടെ പ്രൊജക്ട് നം. |
|---|---|---|
| 1 | മോൻസി ഏബ്രഹാം | 22/19, 34/19, 41/19, 76/19, 90/19 |
| 2 | കെ എം ഉലഹന്നാൻ | 79/19, 145/19, 27/19, 140/19, 138/19, 141/19 |
| 3 | അനീഷ് ചെറിയാൻ | 43/19, 46/19, 54/19, 58/19,23/19 |

| | | |
|---|---|---|
| 4 | കെ പി കുര്യാക്കോസ് | 72/19, 21/19, 71/19 |
| 5 | ദീപ ബിനോയ് | 48/19, 147/19, 70/19, 94/19 |
| 6 | എം എൻ സജി | 50/19, 53/19 |
| 7 | കെ എം പീറ്റർ | 51/19, 55/19 |
| 8 | കെ വി പോൾസൺ | 39/19, 131/19 |
| 9 | ജോബി ജോസഫ് | 62/19, 20/19 |
| 10 | ഷിബു വർഗീസ് | 63/19, 148/19 |
| 11 | അജി പി എസ് | 96/19, 52/19 |
| 12 | സജിത് മഹാദേവൻ | 64/19, 37/19 |

# 1-14 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് - വാടകകുടിശ്ശികയും വാടകക്കാരിൽ നിന്നും നികുതി, ലൈസൻസ് എന്നിവ ഈടാക്കുന്നതും സംബന്ധിച്ച്

വാളകം പഞ്ചായത്തിന്റെ കീഴിലുള്ള അമ്പലപ്പടി, വാളകം ഷോപ്പിംഗ് കോംപ്ലക്സുകളിലും കുടുംബശ്രീ വനിത വിപണന കേന്ദ്രം എസ് സി വർക്ക്ഷെഡ് എന്നീ രണ്ട് കെട്ടിടങ്ങളിലുമായി ആകെ 28 കെട്ടിടങ്ങൾ 2018-19 വർഷം വാടകയ്ക്ക് നൽകിയിരുന്നു. ടി കടമുറികൾ വാടകയ്ക്ക് നൽകിയിരിക്കുന്നതുമായി ബന്ധപ്പെട്ട കരാറുകളിൽ അവയുടെ ഉപയോഗക്രമം എന്തെന്ന് രേഖപ്പെടുത്തിയിരുന്നില്ല. ആയത് വ്യക്തമാക്കുവാനും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കടമുറികളുണ്ടെങ്കിൽ ഡി ആൻഡ് ഒ ലൈസൻസ് ഫീസും തൊഴിൽ നികുതിയും ബന്ധപ്പെട്ടവരിൽ നിന്ന് ഡിമാന്റ് ചെയ്ത് ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാനും ആവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-7) മറുപടിയായി അസസ്മെന്റ് രജിസ്റ്റർ പ്രകാരം ടി മുറികളെല്ലാം നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും 5/492, 12/394 നമ്പർ മുറികൾ വാടകക്ക് എടുത്ത ശ്രീ ജോൺസൺ, ശ്രീ അനിൽ കുമാർ എന്നിവർ ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഒടുക്കിയെന്നും മറ്റ് മുറികളിൽ പ്രവർത്തനങ്ങളൊന്നും തന്നെ നടന്നിട്ടില്ലായെന്നുമാണ് അറിയിച്ചത്.കടമുറികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം | കടമുറി നം | ലൈസൻസിയുടെ പേര് | റിമാർക്സ് |
|---|---|---|---|
| 1 | 5/491 | എം സി ജോസൻ | അമ്പലപ്പടി ഷോപ്പിംഗ് കോംപ്ലക്സ് |
| 2 | 5/492 | ജോൺസൺ പി യു | |
| 3 | 5/493 | റ്റി പി ഷാജി | |
| 4 | 5/494 | എൻ പി ഷാജു | |
| 5 | 5/495 | അജു പി എ | |
| [illegible] | [illegible] | [illegible] | |

| | | | |
|---|---|---|---|
| 6 | 5/498 | എം ജെ കുര്യാക്കോസ് | |
| 7 | 12/392 | രാജു എം പി | വാളകം ഷോപ്പിംഗ് കോംപ്ലക്സ് |
| 8 | 12/393 | രാജു എം പി | |
| 9 | 12/394 | അനിൽ കുമാർ കെ | |
| 10 | 12/395 | രാജു ജോൺ | |
| 11 | 12/396 | സുകുമാരൻ | |
| 12 | 12/397 | രാജു എം പി | |
| 13 | 12/398 | ബിജു പോൾ | |
| 14 | 12/399 | ഒ ജെ ബേബി | |
| 15 | 12/400 | കെ കെ ജോയി | |
| 16 | 12/401 | എൽദോ കെ എം | |
| 17 | 12/402 | ബിജു സി കെ | |
| 18 | 12/403 | ഷാനി ബിജു | |
| 19 | 12/404 | സിസിലി പൈലി | |
| 20 | 12/405 | എ എൻ മോഹനൻ | |
| 21 | 12/406 | സുധ സാബു | |
| 22 | 5/505 | പി ആർ ചന്ദ്രമതി | കുടുംബശ്രീ വനിത വിപണന കേന്ദ്രം |
| 23 | 5/508 | സൂസൻ ഇത്താപ്പിരി | |
| 24 | 5/509 | പങ്കജം പ്രസാദ് | |
| 25 | 5/510 | പങ്കജം പ്രസാദ് | |
| 26 | 5/500 | പ്രസിഡന്റ് ബ്ലോക്ക് ഫെഡറേറ്റഡ് സമിതി | എസ് സി വർക്ക് ഷെഡ് |
| 27 | 5/501 | പ്രസിഡന്റ് ബ്ലോക്ക് ഫെഡറേറ്റഡ് സമിതി | |
| 28 | 5/499 | ഉണ്ണിക്കുട്ടൻ | |

എ) മേൽപ്പറഞ്ഞവയിൽ 5/492, 12/394 എന്നീ രണ്ട് മുറികളൊഴികെയുള്ളവയിൽ പ്രവർത്തനങ്ങളൊന്നും ഉണ്ടായിരുന്നില്ല എന്ന ഒഴുക്കൻ മറുപടിയാണ് എൻക്വയറിക്ക് ലഭ്യമായത്.വാടകയിനത്തിൽ മേൽ ലൈസൻസികളാരും തന്നെ തൻവർഷം കുടിശ്ശിക വരുത്തിയിട്ടില്ല എന്നത് ശ്രദ്ധേയമാണ്. വാടകയിനത്തിൽ പഞ്ചായത്തിന് കൃത്യമായി തുക നൽകുകയും അതേ സമയം വർഷം മുഴുവൻ കടമുറികൾ പ്രവർത്തിപ്പിക്കാതെ അടച്ചിട്ടുവെന്ന മറുപടി വിശ്വസനീയമല്ലാത്തതാണ്. ഷോംപ്പിംഗ് കോംപ്ലക്സുകളിൽ സെക്രട്ടറിയോ മറ്റുത്തരവാദിത്തപ്പെട്ടവരോ ഒരിക്കൽ പോലും പരിശോധന നടത്തിയതായി കാണുന്നില്ല. അപ്രകാരമൊരു പരിശോധന നടത്താതെ കടമുറികളിൽ 26 എണ്ണവും പ്രവർത്തിച്ചിരുന്നില്ലായെന്ന് എങ്ങനെയാണ് വ്യക്തമാക്കുവാൻ കഴിഞ്ഞതെന്ന് വിശദീകരിക്കേണ്ടതാണ്.

ബി) 5/492, 12/394 നമ്പർ മുറികൾ വാടകക്ക് എടുത്ത ശ്രീ ജോൺസൺ, ശ്രീ അനിൽ കുമാർ എന്നിവർ ലൈസൻസ് ഫീസും തൊഴിൽ നികുതിയും തൻവർഷം ഒടുക്കിയെന്നറിയിച്ചിട്ടുണ്ട്. ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

സി) അമ്പലംപടി ഷോപ്പിംഗ് കോംപ്ലക്സിലെ 5/492 മുറി അനുവദിച്ച് കൊടുത്ത ശ്രീ ബേബി കാവനാൽ, കടമറ്റം പി ഒ, പെരുവംമൂഴി എന്ന വ്യക്തി പ്രസ്തുത മുറിയുടെ 2014-15ലേയും 2015-16 ലേയും വാടക (യഥാക്രമം പ്രതിമാസം 2195/-രൂപ നിരക്കിൽ 26340/-രൂപയും 2305/-രൂപ നിരക്കിൽ 27660/-രൂപയും ചേർത്ത് ആകെ 54000/-രൂപ) ഒടുക്കാതിരുന്നതിനെ തുടർന്ന് 18/7/16 ലെ പഞ്ചായത്ത് കമ്മിറ്റി ടി തുക ആർ ആർ നടപടിയിലൂടെ ഈടാക്കുവാൻ തീരുമാനിക്കുകയുണ്ടായി. ആയതിൻ പ്രകാരം കുടിശ്ശിക തുക ഈടാക്കുന്നതിലേക്ക് RR/2016/12931/17 നമ്പരായി 17.11.16 ൽ സെക്രട്ടറി ഓൺ ലൈൻ പോർട്ടലിൽ ആർ ആർ നോട്ടീസ് ബഹു ജില്ലാകളക്ടർക്ക് ഫോർവേഡ് ചെയ്യുകയുമുണ്ടായി. എന്നാൽ 2016 വർഷത്തിലെ ടി നടപടിയല്ലാതെ നാളിതുവരെ മറ്റൊരു കത്തിടപാടും ഈ വിഷയത്തിൽ പഞ്ചായത്ത് നടത്തിയിട്ടില്ല. ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് മേൽ വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ കൈക്കൊള്ളേണ്ടതും കുടിശ്ശിക തുക പലിശ സഹിതം ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

# 1-15 സ്കൂളുകളുടെ വെള്ളക്കരം - കുടിശികയായതിന് രേഖകളില്ല

ഓഡിറ്റ് വർഷം കടാതി ജി യു പി എസ്, എൽ പി എസ് സ്കൂളുകളിലെ വെള്ളക്കരകുടിശിക ഒടുക്കുന്നതിന് പ്രൊജക്ട് തയ്യാറാക്കുകയും മെയിന്റനൻസ് ഗ്രാന്റിൽ (നോൺ റോഡ്) നിന്ന് 1,88,696/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ പറയുന്നു.

| | |
|---|---|
| പ്രൊജക്ട് നം.,പേര് | കടാതി എൽ പി, യു പി സ്കൂളുകളിലെ വാട്ടർ ചാർജ് കുടിശിക അടക്കൽ |
| അടങ്കൽ | 1,88,696 /- (മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവ് | 1,88,696 - ,ബിൽ നം.5/18-19 ,22.02.19 |
| നിർവഹണഉദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ്സ് , ജി യു പി എസ്, കടാതി |

ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി.

1) മൂവാറ്റുപുഴയിലെ കേരള വാട്ടർ അതോറിറ്റി പി എച്ച് ഡിവിഷൻ സർക്കാർ, തദ്ദേശസ്വയംഭരണ/പൊതുമേഖലാസ്ഥാപനങ്ങൾ എന്നിവയുടെ വെള്ളക്കരകുടിശിക തീർപ്പാക്കുന്നതിലേക്കായി 23.01.18ൽ നടത്തിയ റവന്യൂ അദാലത്തിൽ കടാതി യു പി സ്കൂളിന്റെ പേരിലുള്ള (കൺസ്യൂമർ നം.VLM 3N) വാട്ടർ കണക്ഷനിലുള്ള കുടിശിക തുകയായ 3,47,978/- രൂപയിലെ കുറവ് വരുത്തിയ തുകയായ 2,60,456/-രൂപ കിഴിച്ച് ബാക്കിതുകയായ 87,522 /- രൂപ 12.02.18 നകം അടയ്ക്കേണ്ടതാണെന്ന തീരുമാനത്തിന്റെ

പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ടെങ്കിലും എൽ പി സ്കൂളിന്റെ (കൺസ്യൂമർ നം.VLM 2N) വെള്ളക്കരകുടിശികയിൽ ഇളവ് വരുത്തിയതിന്റെ തീരുമാനമോ രേഖകളോ ഹാജരാക്കിയിട്ടില്ല.
2) കുടിശിക വരുത്തിയ കാലയളവ്, തുക എന്നിവ സംബന്ധിച്ച് സ്കൂളുകളുകൾ കണക്ക് തയ്യാറാക്കിയിട്ടുണ്ടോ എന്നത് വ്യക്തമല്ല.
3) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വെള്ളക്കരം, വൈദ്യുതി ചാർജ്, ടെലിഫോൺ ചാർജ് എന്നിങ്ങനെയുള്ള ചെലവുകൾക്ക് തനത് ഫണ്ടിൽ നിന്ന് ഓരോ വർഷവും തുകകൾ ചെലവഴിക്കുകയാണ് പതിവ്. കുടിശിക വരുത്തിയ കാലയളവിൽ തനത് ഫണ്ടിൽ നിന്നും ഇപ്രകാരം തുക ചെലവഴിച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല.

4) പദ്ധതികൾക്കായി ചെലവഴിക്കേണ്ട തുക വൈദ്യുതി കുടിശിക തീർപ്പാക്കുവാൻ ഉപയോഗിച്ചതിന് സർക്കാരിന്റെ അനുമതിയോ ഇത്തരം ചെലവുകളെ സാധൂകരിക്കുന്ന ഉത്തരവോ ഹാജരാക്കിയിട്ടില്ല.

മുകളിൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6,16.01.2020) ഹാജരാക്കിയ മറുപടിയിൽ താഴെ പറയുന്ന കാര്യങ്ങൾ ബോധിപ്പിക്കുകയുണ്ടായി.
1)എൽ പി സ്കൂളിന്റെ (കൺസ്യൂമർ നം.VLM 2N) വെള്ളക്കരകുടിശിക 13,18,369 /- രൂപയിൽ 11,55,452 /- കുറവ് വരുത്തി 1,62,917 /-രൂപ ആക്കി.ആയതിന്റെ അദാലത്ത് തീരുമാനത്തിന്റെ പകർപ്പ് മറുപടിയുടെ കൂടെ ഹാജരാക്കുകയും ചെയ്തു.
2)വാട്ടർ കണക്ഷൻ എടുത്ത 1992 ലും തുടർന്നും പിടിഎ യ്ക്ക് ഫണ്ടുകൾ ഇല്ലാത്തതിനാൽ വാട്ടർ ചാർജ് സമയാസമയങ്ങളിൽ ഒടുക്കുവാൻ സാധിക്കാതെ പലിശയും പിഴപ്പലിശയും അടക്കമാണ് ഭീമമായ തുക കുടിശിക വരാനിടയായത്. പ്രസ്തുത സ്ഥാപനങ്ങൾ പഞ്ചായത്തിന് കൈമാറിയതിനുശേഷം പല പ്രാവശ്യം വാട്ടർ ചാർജ് അടയ്ക്കുവാൻ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തനത് ഫണ്ട് കുറവായതിനാൽ ഒടുക്കുവാൻ സാധിച്ചില്ല.
3)സർക്കാരിന്റെ 02.01.18 ലെ സ.ഉ(കൈ)11/2018 ഉത്തരവിന്റെ ഖണ്ഡിക 6.7 ആസ്തി സംരക്ഷണപദ്ധതി 4 -ാം ഉപഖണ്ഡിക പ്രകാരം മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നല്കി വിനിയോഗിക്കാമെന്ന് പറഞ്ഞിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് ടി പ്രൊജക്ട് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത്. ഇനിയുള്ള മാസങ്ങളിൽ രണ്ട് സ്കൂളുകളിലെയും വെള്ളക്കരം കൃത്യമായി അടയ്ക്കേണ്ടതും കുടിശിക വരാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-16 വെള്ളക്കരമിനത്തിൽ കൂടുതൽ തുക ചെലവഴിച്ചു

ഓഡിറ്റ് വർഷം പഞ്ചായത്തിലെ പൊതുടാപ്പുകളുടെ വാട്ടർ ചാർജ് ഇനത്തിൽ പ്രതിമാസം 1,22,063/- രൂപ വീതം 14,64,756/-രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റി പഞ്ചായത്തിന് ഓരോ മാസവും നല്കുന്ന ഡിമാന്റ് നോട്ടീസ് പ്രകാരം 279 ടാപ്പുകൾക്കാണ് 5250 /-രൂപ വാർഷിക നിരക്കിൽ മുകളിൽ പറഞ്ഞ തുക നല്കിയിട്ടുള്ളത്. 30.04.18 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 23(1) നമ്പർ തീരുമാനം പ്രകാരം കോളനികളിലും ലക്ഷം വീടുകളിലുമുള്ള 13 ടാപ്പുകൾ ഒഴികെയുള്ള എല്ലാ പൊതുടാപ്പുകളും ഒഴിവാക്കുന്നതിന് തീരുമാനിക്കുകയും ടി പൊതു ടാപ്പുകൾ നിർത്തലാക്കി വാട്ടർ ചാർജ് ഒഴിവാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് 05.06.18ന് സി 3/4739/ 18 നമ്പർ കത്ത് വാട്ടർ അതോറിറ്റിക്ക് നൽകി. ഇതിന് ശേഷം ഒരു വർഷത്തോളം വൈകി 04.5.19 നാണ് മൂവാറ്റുപുഴ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർക്ക് ഒരു ഓർമ്മക്കുറിപ്പ് നൽകിയത്. വാട്ടർ അതോറിറ്റി നൽകിയ എസ്റ്റിമേറ്റ് പ്രകാരം ടാപ്പുകൾ നിർത്തലാക്കുന്നതിനുള്ള ചെലവ് തുക 2,75,000/-രൂപ വാട്ടർ അതോറിറ്റിയിൽ 30.5.19 ന് അടവാക്കി. ശേഷം 14.8.19 ൽ നൽകിയ ഓർമ്മക്കുറിപ്പ് അല്ലാതെ മറ്റു തുടർ നടപടി ഒന്നും സ്വീകരിച്ചില്ല. 31.12.19 ൽ സംയുക്ത പരിശോധന നടത്തുകയും ഡിസംബർ 2019 മുതൽ വാട്ടർ ചാർജ് പ്രതിമാസം 5412/- രൂപയായി കുറയുകയും ചെയ്തു. 05.06.18 ൽ വാട്ടർ അതോറിറ്റിക്ക് ടാപ്പുകൾ നിർത്തലാക്കാൻ നിർദേശം നൽകിയതിനു ശേഷം സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കാതിരുന്നതു മൂലം വളരെയധികം കാലം അധിക വാട്ടർ ചാർജ് അടവാക്കേണ്ടി വന്നത് വഴി തനത് വരുമാനത്തിൽ കാര്യമായ കുറവ് വരാനിടയായി. ഉപയോഗപ്രദമല്ലാത്ത 266 ടാപ്പുകളുടെ വാട്ടർ ചാർജ് ഒരു വർഷത്തിൽ കൂടുതൽ നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3, 14.01.2020) ഹാജരാക്കിയ മറുപടിയിൽ വാട്ടർ അതോറിറ്റി അധികൃതരുടെ ഭാഗത്ത് നിന്നുണ്ടായ കാലതാമസം മൂലമാണ് ഇങ്ങനെ സംഭവിക്കാൻ ഇടയായത് എന്നാണ് പറഞ്ഞിട്ടുള്ളത്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. നിരന്തരമായി ഇടപെടലുകൾ നടത്തിയിരുന്നുവെങ്കിൽ ഒഴിവാകുമായിരുന്ന ഇങ്ങനെയുള്ള നഷ്ടം ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-17 മൂലധന നിക്ഷേപത്തിനനുസൃതമായി ലൈസൻസ് ഫീസ് നിർണയിക്കുന്നത് സംബന്ധിച്ച്

31-10-2017 ലെ ജി. ഒ (പി) 80/2017 തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഭേദഗതി ചെയ്യുകയും പകരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31.10.2017 ൽ നിലവിൽ വന്നിട്ടുള്ളതുമാണ്. പുതുക്കിയ ചട്ടമനുസരിച്ച് 1996 ലെ ചട്ടം 10, പട്ടിക II പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ചുമത്തിയിരുന്നതിന് പകരം

സ്ഥാപനങ്ങളെ ഉത്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾ എന്നായി മാറ്റി അവയ്ക്ക് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/- എന്ന പരമാവധി നിരക്ക് നിശ്ചയിച്ച് ഫീസീടാക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ വാളകം പഞ്ചായത്തിലെ 2018-19 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും, ഫയലുകളും പരിശോധിച്ചതിൽ എല്ലാ സ്ഥാപനങ്ങളുടേയും മൂലധനനിക്ഷേപം പരിശോധിച്ച് ലൈസൻസ് ഫീസ് നിശ്ചയിച്ചതായി കണ്ടില്ല. വിശദീകരണമാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം-8/16.1.2020) മറുപടിയായി നടപ്പ് സാമ്പത്തിക വർഷം പുതിയതായി വന്ന ലൈസൻസുകൾക്കെല്ലാം മൂലധന നിക്ഷേപം രേഖപ്പെടുത്തുന്ന സത്യവാങ്മൂലം ഒപ്പിട്ടു വാങ്ങി 80/2017 ഉത്തരവിലെ സ്ലാബ് പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടെന്നാണറിയിച്ചത്. എന്നാൽ നിലവിലുള്ളതും മൂലധന നിക്ഷേപം കൂടുതലുള്ളതുമായ ടൊയോട്ട പോലെയുള്ള സ്ഥാപനങ്ങളിൽ നിന്ന് മേൽ ഉത്തരവിൽ നിഷ്കർഷിക്കുന്നതിൻ പ്രകാരം ഫീസീടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സ്ഥാപനം | ലൈസൻസ് നം | മൂലധന നിക്ഷേപം (PCB consent പ്രകാരം) | തൻവർഷം ഈടാക്കിയ ലൈസൻസ് ഫീസ് | റിമാർക്സ് |
|---|---|---|---|---|
| നിപ്പോൺ കോർപ്പറേഷൻ പ്രൈവറ്റ് ലിമിറ്റഡ് | 27/18-19 | 3.7 കോടി | 1500/- | പുതുക്കിയ ചട്ടപ്രകാരം 1കോടിക്കും 5കോടിക്കും ഇടയിൽ മൂലധന നിക്ഷേപമുള്ള സ്ഥാപന ങ്ങളിൽ നിന്ന് പരമാവധി 5000/-രൂപ വരെ ഫീസായി ഈടാക്കാവുന്ന താണ്. |
| വിഷൻ മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | 35/18-19 | 2.09 കോടി | 3000/- | |
| കോസ്മോറ്റോൺ കൺഡക്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | 48/18-19 | 55 ലക്ഷം | 400/- | പുതുക്കിയ ചട്ടപ്രകാരം 25 ലക്ഷത്തിനും1കോടിക്കും ഇടയിൽ മൂലധന നിക്ഷേപ മുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി 1000/-രൂപ വരെ ഫീസായി ഈടാക്കാവുന്ന താണ്. |

31.10.2017ൽ നിലവിൽ വന്ന ലൈസൻസ് ഭേദഗതി ചട്ടങ്ങൾ നടപ്പാക്കൻ ഗ്രാമപഞ്ചായത്ത് ഭരണസമിതി നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ മേൽ ഭേദഗതി ചട്ടങ്ങൾ പ്രകാരം ചട്ടം 10ലെ പട്ടിക IIന് വിധേയമായി പരമാവധി ഈടാക്കാവുന്ന ലൈസൻസ് ഫീസ് നിശ്ചയിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതി അടിയന്തിരമായി തീരുമാനം എടുക്കേണ്ടതാണ്. വിഷയത്തിലേക്ക് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്വീകരിച്ചത് സംബന്ധിച്ച്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ താഴെപ്പറയുന്ന രണ്ട് പ്രവൃത്തികൾക്ക് ടെണ്ടർ കുറവ് രേഖപ്പെടുത്തിയിരിക്കുന്നത് 25 ശതമാനത്തിന് മുകളിലാണ്. 2012 ലെ പി.ഡബ്ല്യു.ഡി.മാനവൽ ഖണ്ഡിക 2009.4 പ്രകാരം എസ്റ്റിമേറ്റഡ് പി.എ.സി.യുടെ 75% തുകയിൽ കുറവ് ടെണ്ടറിൽ രേഖപ്പെടുത്തിയാൽ അത്തരം ടെണ്ടറുകൾ സ്വീകരിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ DSR റേറ്റ്സ് നിലവിൽ വന്ന സാഹചര്യത്തിൽ അത്തരം ടെണ്ടറുകൾ സ്വീകരിക്കാവുന്നതാണെന്ന് 29.08.2016 ലെ സ.ഉ.(അച്ചടി) 124/2016/ ധന. നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുമുണ്ട്. എന്നാൽ എസ്റ്റിമേറ്റ് തുകയുടെ x-10% (x -കോട്ട് ചെയ്ത തുക) ന് തുല്യമായ തുക അഡീഷണൽ പെർഫോർമൻസ് ഗ്യാരണ്ടി കരാറുകാരനിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണെന്ന്(സ.ഉ.(അച്ചടി) 19/2016/ ധന/03.02.2016) വ്യക്തമാക്കിയിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന രണ്ട് മരാമത്ത് പ്രവൃത്തികളിലും അഡീഷണൽ പെർഫോർമൻസ് ഗ്യാരണ്ടി ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ആയത് ഈടാക്കി സൂക്ഷിച്ചിട്ടില്ല.

| പ്രവൃത്തി | കരാറുകാൻ | ക്വാട്ട് ചെയ്ത നിരക്ക് | നൽകിയ തുക, ബിൽ നം |
|---|---|---|---|
| ചക്കാലപ്പടി നെയ്ത്തുശാലപ്പടി റോഡ് കോൺക്രീറ്റിംഗ്(67/19) | ശ്രീ മുരളീധരൻ നായർ | 29.6% | 168657/-11/ 18-19,19.12.18 |
| പുതുശ്ശേരി ഇല്ലം കാര്യപ്പാടം കുന്നത്ത് കോട് ചാപ്പൽ റോഡ് കോൺക്രീറ്റിംഗ്(70/19) | ശ്രീ ദീപ ബിനോയ് | 26.9% | 317190/-15/ 18-19,24.12.18 |

മേൽ അപാകത വിശദീകരിക്കുവാൻ ആവശ്യപ്പെട്ടതിന് (നം-17/20.1.2020) മറുപടി ലഭിച്ചില്ല. ആയത് ശരിയായ നടപടിയല്ല. മേൽ പ്രവൃത്തികൾക്ക് ടെണ്ടർ കുറവ് നൽകുമ്പോൾ പ്രവൃത്തിയുടെ ഗുണമേന്മ ഉറപ്പു വരുത്തേണ്ടതും ടെണ്ടർ കുറവ് നൽകിയത് കൊണ്ട് ശരിയായി ഫണ്ട് വിനിയോഗിച്ചുവെന്നും പഞ്ചായത്ത് ഭരണ സമിതി ഉറപ്പാക്കേണ്ടതാണ്.

## 1-19 വാട്ടർ അതോറിറ്റി-പ്രവൃത്തി പൂർത്തീകരണത്തിനു ശേഷം തുക തിരികെ ലഭിച്ചില്ല

വാർഡ് 14 ലെ വൈദ്യശാലപ്പടി -ആവുണ്ട റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷന വേണ്ടി

18.02.17 ൽ നിക്ഷേപിച്ച 6,00,000/-രൂപയിൽ 4,93,545/- രൂപ ചെലവഴിച്ചതായും 1,06,455/- രൂപ ബാക്കി വന്നതായും കാണിച്ചു കൊണ്ട് വാട്ടർ അതോറിറ്റിയിൽ നിന്നും യൂട്ടിലൈസേഷൻ/ വർക്ക് കംപ്ളീഷൻ സർട്ടിഫിക്കറ്റ് ലഭിച്ചു. ബാക്കി വന്ന തുകയിൽ 1,00,000/-രൂപ ഉപയോഗിച്ച് വാർഡ് 2ലെ സൊസൈറ്റിപ്പടി-പൊട്ടുമുകൾ-മനയത്തു കുടി ലിങ്ക് റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തി ചെയ്യുവാൻ വാട്ടർ അതോറിറ്റിക്ക് നിർദേശം നൽകുകയും 23.02.19 ൽവാട്ടർ അതോറിറ്റിയുമായി കരാർ വെയ്ക്കുകയും ചെയ്തു. ടി പ്രവൃത്തി പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. 6,455/- രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല.

വാർഡ് നമ്പർ 10ലെ നെയ്ത്തുശാലപ്പടി ആമല്ലൂർ-പുതുവേലിപ്പാടം റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷനായി 18.02.17 ൽ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 1,90,000/- രൂപയിൽ 1,85,109/-രൂപ ചെലവഴിച്ചതായും 4891/-രൂപ ബാക്കി വന്നിട്ടുള്ളതായും കാണിച്ചു കൊണ്ട് വാട്ടർ അതോറിറ്റിയിൽ നിന്നും പൂർത്തീകരണ സാക്ഷ്യ പത്രം ലഭിച്ചിട്ടുണ്ട്. 4891/- രൂപ തിരികെ ലഭിച്ചിട്ടില്ല. ഖണ്ഡിക 1 ൽ പറഞ്ഞിരിക്കുന്ന 1 ലക്ഷം രൂപയ്ക്കു പുറമെ പ്രൊജക്ട് നമ്പർ 16/18-19 പ്രകാരം 6,70,000/- രൂപ (ബിൽ നമ്പർ-29/2018-19/11.01.19 പ്രകാരം 5,18,000/- രൂപയും ബിൽ നമ്പർ 32/2018-19/19.3.19പ്രകാരം 1,52,000/- രൂപയും)വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷന് വേണ്ടി 2018-19 വർഷം വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. ടി പ്രവൃത്തികളുടെയും പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും വാട്ടർ അതോറിറ്റിയുമായി വെയ്ക്കുന്ന കരാറിൽ പറഞ്ഞിരിക്കുന്നതു പ്രകാരം പ്രവൃത്തി പൂർത്തീകരണത്തിനു ശേഷം അവശേഷിച്ച തുക തിരികെ ലഭ്യമാക്കേണ്ടതുമാണ്.

## 1-20 സ്ക്കൂൾ മെയിന്റനൻസ്-അപാകത

കടാതി എൽ പി സ്കൂൾ കെട്ടിടത്തിന്റെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെട്ടിടത്തിന് മുകളിൽ റൂഫിംഗ് നടത്തിയിട്ടുണ്ട്. ഈ പ്രവൃത്തിയിൽ നിലവിലുണ്ടായിരുന്ന സ്കൂൾ കെട്ടിടത്തിന്റെ മര ഉരുപ്പടികൾ എല്ലാം നീക്കം ചെയ്യാതെ അതിന് സമാന്തരമായി സ്റ്റീൽ ട്യൂബ് ഉറപ്പിച്ച ശേഷം അലൂമിനിയം റൂഫിംഗ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തിയിൽ ചെയ്ത സ്റ്റീൽ വർക്ക് പ്രവൃത്തിക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 118/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR 2016, 10.16.1). എന്നാൽ ഈ പ്രവൃത്തിയിൽ മുഴുവൻ ചെയ്തിട്ടുള്ളത് സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് നേരിട്ട് പരിശോധന നടത്തിയത് പ്രകാരം ബോധ്യമായിട്ടുള്ളതാണ്. അനുവദിക്കാവുന്ന നിരക്ക് DSR 10.1 കോഡ് പ്രകാരമുള്ള 85.38/kg രൂപയാണ്. വിശദ വിവരം ഭാഗം 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-21 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്-പദ്ധതി

# നിർവ്വഹണം സംബന്ധിച്ച്

| | |
|---|---|
| പ്രൊജക്ട് നമ്പർ | 05/2018-19 |
| പേര് | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് |
| നിർവ്വഹണോദ്യോഗസ്ഥ | സെക്രട്ടറി |
| അടങ്കൽ | 4,00,000/-(ധനകാര്യ കമ്മീഷൻ അവാർഡ്)<br>1,00,000/-(തനതു ഫണ്ട്) |
| ചെലവ് | 4,00,000/-(ധനകാര്യ കമ്മീഷൻ അവാർഡ്)<br>4,868/-(തനതു ഫണ്ട്) |
| ബിൽ നമ്പർ | 23/18-19/22.11.18, തുക-1,71,682/- |
| | 27/18-19/28.12.18, തുക-2,00,651/- |
| | 35/18-19/16.2.19, തുക-27,667/- |
| ചെക്ക് നമ്പർ | 2650042 തീ.28.3.19,തുക-4868/- |

സ്ട്രീറ്റ് ലൈറ്റ് മെയിൻറനൻസിനായി 5 ലക്ഷത്തോളം രൂപ 2018-19 ൽ ചെലവഴിച്ചുവെങ്കിലും പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഏതൊക്കെ ഇനം ലൈറ്റുകൾ എത്രയെണ്ണം വീതമാണ് സ്ഥാപിച്ചിരിക്കുന്നതെന്ന വ്യക്തമാക്കുന്ന രേഖകൾ ഒന്നും സൂക്ഷിച്ചിട്ടില്ല. തെരുവു വിളക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ അപൂർണ്ണമാണ്. വിവിധ വാർഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റുകളുടെ നമ്പർ മാത്രമേ ആയതിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. മെയിന്റനൻസ് നടത്തിയ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം കൃത്യമാണോയെന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഒന്നും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. കരാറുകാരൻ ഹാജരാക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ മാത്രമാണ് തുക അനുവദിക്കുന്നത്.

സ്ട്രീറ്റ് ലൈറ്റ് വൈദ്യുത ചാർജിനത്തിൽ പ്രതിമാസം 34,784/-രൂപ വീതമാണ് 2018-19 വർഷം അടവാക്കിയത്. അൺ മീറ്റേർഡ് സ്ട്രീറ്റ് ലൈറ്റ് ആയതിനാൽ ഓരോ ഇനം ലൈറ്റിന്റെയും burning hours അടിസ്ഥാനമാക്കിയാണ് KSEB വൈദ്യുത ചാർജ് നിശ്ചയിച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട രേഖകൾ KSEB യിൽ നിന്നും ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടുവെങ്കിലും മറുപടി നൽകിയില്ല.

2018-19 വർഷം 5 ലക്ഷം രൂപയാണ് സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി അടങ്കൽ നിശ്ചയിച്ച് കരാറുകാരിൽ നിന്നും ടെണ്ടർ ക്ഷണിച്ചത്. ഏതൊക്കെ ഇനം ലൈറ്റുകൾ എത്രയെണ്ണം വീതമുണ്ടെന്ന രേഖകൾ ഒന്നും ഇല്ലാത്ത സാഹചര്യത്തിൽ അടങ്കൽ തുക നിശ്ചയിച്ചതിന് ആധാരമാക്കിയതെന്തെന്ന് വ്യക്തമല്ല. കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം കൃത്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

# 1-22 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്-ജി എസ് ടി

# അനുവദിച്ചതിലെ അപാകതകൾ

സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി സി3-2923/18, തീ.19.6.18 പ്രകാരം പ്രസിദ്ധപ്പെടുത്തിയ ടെണ്ടർ നോട്ടീസിൽ ഓരോ ഇനം ലൈറ്റും ഒരു വർഷത്തേക്ക് അറ്റകുറ്റപ്പണി ചെയ്യുന്നതിനായി വിവിധ ടാക്സുകൾ ഉൾപ്പെടെയുള്ള തുകയാണ് രേഖപ്പെടുത്താൻ ആവശ്യപ്പെട്ടത്. എന്നാൽ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനു 03.08.2018 ൽ ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട ശ്രീ സ്കറിയ.കെ.വി.യ്ക്ക് ടെണ്ടറിൽ ക്വാട്ട് ചെയ്ത തുകയ്ക്ക് പുറമെ 18% ജി.എസ്.ടി.കൂടി നൽകി. ടെണ്ടറിൽ സ്ട്രീറ്റ് ലൈറ്റിന് നികുതി കൂടി ഉൾപ്പെടുത്തിയാണ് ക്വാട്ട് ചെയ്തിരുന്നത്. വിശദാംശങ്ങൾ ഭാഗം 3-3ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-23 കരിങ്കൽ കെട്ട്-അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന കരിങ്കൽ കെട്ട് (Dry Rubble Masonry) ഉപയോഗിച്ച് നടപ്പാക്കിയ പ്രവൃത്തികൾക്ക് എറണാകുളം ജില്ലയിൽ അനുവദിക്കാവുന്ന നിരക്ക് DSR 60.7.1 പ്രകാരം 2803.71/-രൂപ മാത്രമാണ് അനുവദിക്കാവുന്നത്. എന്നാൽ ഈ ഇനത്തിൽ വിവിധ കരാറുകാർക്ക് അധിക തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ഭാഗം മൂന്നിൽ ചേർത്തിട്ടുണ്ട്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

# 3-1 സ്ക്കൂൾ മെയിന്റനൻസ് അധിക തുക നൽകിയത് സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ട് | കടാതി എൽ. പി .എസ് -മെയിന്റനൻസ്-ഷീറ്റ് റൂഫിംഗ്,137/19 |
| നിർവ്വഹണം | അസി.എഞ്ചിനിയർ |
| അളവ് പുസ്തകം | 1269/19 |
| കരാർ | 67/AE/LSGD/VPT/04.01.19 എസ്റ്റിമേറ്റ് റേറ്റ് (കോസ്റ്റ് ഇൻഡക്സ്-46.08%) |
| [illegible] | [illegible] |

| | |
|---|---|
| അടങ്കൽ | 700000 |
| ചെലവ് വിവരം | 653871/- ബിൽ നം.78/18-19,തീയതി 27.03.19 |

കടാതി എൽ പി സ്കൂൾ കെട്ടിടത്തിന്റെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെട്ടിടത്തിന് മുകളിൽ റൂഫിംഗ് നടത്തിയിട്ടുണ്ട്. ഈ പ്രവൃത്തിയിൽ നിലവിലുണ്ടായിരുന്ന സ്കൂൾ കെട്ടിടത്തിന്റെ മര ഉരുപ്പടികൾ എല്ലാം നീക്കം ചെയ്യാതെ അതിന് സമാന്തരമായി സ്റ്റീൽ ട്യൂബ് ഉറപ്പിച്ച ശേഷം അലൂമിനിയം റൂഫിംഗ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തിയിൽ ചെയ്ത സ്റ്റീൽ വർക്ക് പ്രവൃത്തിക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 118/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR 2016, 10.16.1). എന്നാൽ ഈ പ്രവൃത്തിയിൽ മുഴുവൻ ചെയ്തിട്ടുള്ളത് സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് നേരിട്ട് പരിശോധന നടത്തിയത് പ്രകാരം ബോധ്യമായിട്ടുള്ളതാണ്. അനുവദിക്കാവുന്ന നിരക്ക് DSR 10.1 കോഡ് പ്രകാരമുള്ള 85.38/kg രൂപയാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|
| 4 | 1250 kg x 118/kg = 147500 | 1250 kg x 85.38/kg = 106725 | 40775 |

മേൽ അപാകതയ്ക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ആയത് സിംഗിൾ സെക്ഷനിംഗ് നടത്തിയിട്ടുള്ള പ്രവൃത്തിയല്ലെന്ന് വിശദീകരിച്ചു. എന്നാൽ പരിശോധനയിൽ ബോധ്യമായതു പ്രകാരം അനുവദിക്കാവുന്ന നിരക്ക് DSR 10.1 കോഡ് പ്രകാരമുള്ള 85.38/kg രൂപയാണ്. അധികമായി നൽകിയ തുകയായ 40,775/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-2 കരിങ്കൽ കെട്ട്-അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന കരിങ്കൽ കെട്ട് (Dry Rubble Masonry) ഉപയോഗിച്ച് നടപ്പാക്കിയ പ്രവൃത്തികൾക്ക് എറണാകുളം ജില്ലയിൽ അനുവദിക്കാവുന്ന നിരക്ക് DSR 60.7.1 പ്രകാരം 2803.71/-രൂപ മാത്രമാണ്. എന്നാൽ ഈ ഇനത്തിൽ വിവിധ കരാറുകാർക്ക് അധിക തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ചെയ്ത അളവ് | നൽകാവുന്ന തുക | നൽകിയ തുക | അധികം |
|---|---|---|---|---|
| കടാതി പള്ളിത്താഴം കാരനാട്ട് കാവ് റോഡ് സംരക്ഷണം ( 50/19) എസ്റ്റിമേറ്റ് റേറ്റ് | 25.846m3 | 25.846x2803.71 =72465 | 25.846x2855.91 =73814 | 1349 |

| | | | | |
|---|---|---|---|---|
| ബിൽ നം/ തുക 55/18-19/ 19.03.19,305000<br>അളവ് പുസ്തകം1097/18-19<br>കരാറുകാരൻ ശ്രീ.എം എൻ സജി | | | | |
| കൊടക്കാപ്പിള്ളി പടിഞ്ഞാറേക്കുഴി റോഡ് സൈഡ് കെട്ട്(53/19)0.01% കുറവ്<br>ബിൽ നം 53/18-19,19.03.19<br>അളവ് പുസ്തകം102/18-19<br>കരാറുകാരൻ ശ്രീ.എം എൻ സജി | 25.84 m3 | 25.84x2803.71 =72448 | 25.84x2855.91 =73797 | 1349 |
| സെഹിയോൻ പള്ളി വെള്ളാരംപാറ റോഡ് സംരക്ഷണ ഭിത്തി,ഐറിഷ് ഡ്രെയിൻ നിർമ്മാണം(40/19)0.98% കുറവ്<br>1)ബിൽ നം 34/18-19,30.01.19,424582<br>2)ബിൽ നം 35/18-19,30.01.19,676175<br>അളവ് പുസ്തകം 845/17-18<br>കരാറുകാരന് ശ്രീ കെ പി മാത്യു | 48.70m3 | 48.70x2803.71 =136541 | 48.70x2885.91 =140544 | 4003x.98% കുറവ്= 3964 |
| പഞ്ചായത്ത് പടി നെടുന്തോടത്ത് തുരുത്ത് റോഡ് സംരക്ഷണം(66/19) എസ്റ്റിമേറ്റ് റേറ്റ്<br>ബിൽ നം/ തുക 8/18-19/ 10.12.18,351771<br>അളവ് പുസ്തകം 852/17-18<br>കരാറുകാരൻ ശ്രീ.റോയ് എം ടി | 114.083m3 | 2803.71x114.083 =319856 | 2855.91x114.083 =3255811 | 5955 |
| ആകെ | | | | 12617 |

മേൽ തുക അധികമായി നൽകിയതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. കരാറുകാർക്ക് അധികമായി നൽകിയ തുകയായ 12617/-രൂപ ഈടാക്കേണ്ടതാണ്.

# 3-3 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- ജി.എസ്.ടി.അനുവദിച്ചതിലെ അപാകതകൾ

സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി സി3-2923/18, തീ.19.6.18 പ്രകാരം പ്രസിദ്ധപ്പെടുത്തിയ ടെണ്ടർ നോട്ടീസിൽ ഓരോ ഇനം ലൈറ്റും ഒരു വർഷത്തേക്ക് അറ്റകുറ്റപ്പണി ചെയ്യുന്നതിനായി വിവിധ ടാക്സുകൾ ഉൾപ്പെടെയുള്ള തുകയാണ് രേഖപ്പെടുത്താൻ ആവശ്യപ്പെട്ടത്. എന്നാൽ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനു 03.08.2018 ൽ ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട ശ്രീ സ്കറിയ.കെ.വി.യ്ക്ക് ടെണ്ടറിൽ ക്വാട്ട് ചെയ്ത തുകയ്ക്ക് പുറമെ 18% ജി.എസ്.ടി.കൂടി നൽകിയിട്ടുണ്ട്. ടെണ്ടറിൽ സ്ട്രീറ്റ് ലൈറ്റിന് നികുതി കൂടി ഉൾപ്പെടുത്തിയാണ് ക്വാട്ട് ചെയ്തിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് | 18% ജി.എസ്. | നൽകേണ്ടിയിരുന്ന | അധികം |
|---|---|---|---|

| തീയതി | ടി.ഉൾപ്പെടെ നൽകിയ തുക | തുക | നൽകിയ തുക |
|---|---|---|---|
| 25.9.18 | 1,71,682 | 1,45,493 | 26,189 |
| 03.11.18 | 2,00,651 | 1,61,569 | 39,082 |
| 07.02.19 | 32,535 | 27,567 | 4,968 |
| | | അധികം നൽകിയ ആകെ തുക | 70,239 |

ടെണ്ടർ നിബന്ധനയ്ക്ക് വിരുദ്ധമായി സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് തുകയോടൊപ്പം ജി.എസ്.ടി അനുവദിച്ചതിനു വിശദീകരണം ഹാജരാക്കുവാൻ ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടി തൃപ്തികരമല്ല. ആയതിനാൽ അധികമായി നൽകിയ 70,239/-രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1)വികസനഫണ്ട് (ജനറൽ) ആകെ വരവ് തുക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 11391369/-രൂപയാണ്. എന്നാൽ തൻ വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന വരവ് തുക 11427027/-രൂപയാണ്. വ്യത്യാസം 35658/-രൂപയാണ്. നെല്ലൽപ്പാദക ബോണസായി ലഭിച്ച തുകയാണിത്.

2)ശുചിത്വമിഷൻ അക്കൌണ്ടിൽ മുൻ വർഷത്തെ റിപ്പോർട്ടിൽ നീക്കിബാക്കിയായി രേഖപ്പെടുത്തിയിരുന്നത് 201022/-രൂപയാണ്. എന്നാൽ തൻ വർഷത്തെ കണക്കുകൾ പരിശോധിച്ചതു പ്രകാരം ശുചിത്വമിഷൻ അക്കൌണ്ടിന്റെ മുൻ ബാക്കി 2001022/-രൂപയാണ്.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 637500 | നെൽകൃഷി വികസനം | 637500 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 590000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 590000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 175000 | ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 175000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 148700 | പാലിന് സബ്സിഡി | 148700 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 226649 | പാലിന് സബ്സിഡി | 226649 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 78234 | ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 78234 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 250000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | ലൈഫ് ഭവന പദ്ധതി (എസ് സി) | 200000 | 0 |

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസിയുടെ പേര് | പ്രവൃത്തിയുടെ പേര് | വൗച്ചർനം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യൂ.എ | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | - | 670000 | 670000 | 0 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | - | 400000 | 400000 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2018-19 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് വായ്പാ തിരിച്ചടവ് | സ.ഉ.നം. 530/2010/ ത.സ്വ.ഭ.വ. 18.02.10 | 3924152 | 668149 | 300000 | 0 | 368149 |
| കെ.യു.ആർ.ഡി. എഫ്.സി | സ.ഉ.നം. 511/2018/ ത.സ്വ.ഭ.വ. 01.01.19 | 2300000 | 2300000 | - | - | 2300000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 2306/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ / സ്ഥാപനത്തിന്റെ പേര് | രശീത് നമ്പർ / തീയതി |
|---|---|---|---|---|
| 2017-18 | 3-3 | 2306 | സൂസമ്മ സി.ഡി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11902010369/ 23.12.2018 |
| | ആകെ | 2306 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ

തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01, 2001-02 | 3-1, 3-12 | 2005-06 | 2.51.3 | കുടിവെള്ള പരിപാലനം | C3-646 / 30.10.15 പ്രകാരം തീർപ്പാക്കാൻ കത്തയച്ചു |
| 1995-96 | 7 | 2006-07 | 3.46.1 | മണൽ ലേലത്തുക അടവ് | C/2738/2010/21.06.10, 25.9.14,04.06.19 എന്നീ തീയതികളിൽ തീർപ്പാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. |

# 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62245257.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60458166.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡി റ്റിൽ അംഗീകരിക്കാത്ത തുക | 123631 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ 'ബി' യിലേയും 'സി' യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 40775 | യമുന.പി.ബി<br>അസിസ്റ്റന്റ് എൻജിനിയർ |
| 3-2 | | 12617 | യമുന.പി.ബി<br>അസിസ്റ്റന്റ് എൻജിനിയർ |
| 3-3 | | 70239 | എം.എം.സുബൈദ,സെക്രട്ടറി |
| ആകെ | | 123631 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.എം. സുബൈദ, സെക്രട്ടറി | സെക്രട്ടറി, വാളകം ഗ്രാമപഞ്ചായത്ത് | മണലോടിപുത്തൻപുര, പുതുപ്പാടി പി.ഒ, എറണാകുളം |
| യമുന.പി.ബി | അസിസ്റ്റന്റ് എൻജിനിയർ, വാളകം ഗ്രാമപഞ്ചായത്ത് | കുർക്കപ്പറമ്പിൽ വീട്, കാവുംപടി പി.ഒ, തൃക്കളത്തൂർ, എറണാകുളം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | | |
|---|---|---|
| 1997-98 | കെ.എസ്.എ-ഇ.കെ.എം (പി 14)504/18, തീ. 24.05.19 | 1 |
| 1998-99 | കെ.എസ്.എ-ഇ.കെ.എം (പി 14)504/18, തീ. 24.05.19 | 1 |

| | | |
|---|---|---|
| 1999-00 | കെ.എസ്.എ-ഇ.കെ.എം (പി 14)504/18,<br>തീ. 24.05.19 | 5 |
| 2000-01 | കെ.എസ്.എ-ഇ.കെ.എം (പി 14)1349/18,<br>തീ. 30.11.19 | 14 |
| 2001-02<br>(പദ്ധതി) | (പി 5)1186/03 dt.5.12.03 | 9 |
| 2003-04 | കെ.എസ്.എ-ഇ.കെ.എം (പി 14)1349/18,<br>തീ. 30.11.19 | 2 |
| 2004-05 | എൽ എഫ് ഇ ഇ(പി 5)1457/08,<br>തീ. 17.03.09 | 13 |
| 2005-06 | എൽ എഫ് ഇ ഇ(പി 5)1456/08,<br>തീ. 17.03.09 | 14 |
| 2006-07 | എൽ എഫ് ഇ ഇ(പി 5)1730/07,<br>തീ. 13.12.07 | 23 |
| 2007-08 | എൽ. എഫ്. ഇ. ഇ(പി 5)401/09,<br>തീ. 14.01.10 | 34 |
| 2009-10 | എൽ.എഫ്.ഇ(പി8)552/12<br>തീ. 3.5.2012 | 21 |
| 2008-09<br>2010-11<br>2011-12 | കെ.എസ്.എ-ഇ.കെ.എം.(പി14)1563/16 തീ.8.5.2017 | 9 |
| 2012-13 , 2013-14 | കെ.എസ്.എ-ഇ.കെ.എം(പി13)1871/2015<br>തീ. 16.03.16 | 9 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം.(പി14)1309/2016<br>തീ.20.4.2017 | 6 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം. (പി 4) 44/17,<br>തീ. 25.01.17 | 11 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം (പി14)1908/17,<br>തീ. 23.05.2018 | 7 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം (പി14)2321/2018 ,<br>തീ. 21.12.2018 | 13 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# <u>അനുബന്ധം -1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വാളകം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു.

സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

<u>2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.</u>

1. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

2. മേക്കടമ്പ് സർവ്വീസ് സഹകരണ ബാങ്കിലെ ചെക്ക് നം.21800085 തീയതി 03.05.2018 പ്രകാരം 1000/- രൂപ പണമാക്കാത്ത ചെക്ക് Stale Cheque എന്ന ഹെഡ്ഡിലേക്ക് മാറ്റിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of VALAKOM Grama Panchayat in Ernakulam District for the year ended on 31.03.2019 in accordance with Section ‘4’ of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting rule 2011, and the guidelines issued by the Comptroller and Auditor General of India for the purpose of Certification of Accounts of Panchayat Raj Institutions, and the instructions vide G.O.(Rt)1413/2018/LSGD dated 22/05/2018.

In my opinion the Annual Financial Statement of Valakom Grama Panchayat for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

The discrepancies found in the assesment of Annual accounts for the financial year 2018-19

1. The landed assets are not included in the Asset Register and reconciled with the AFS.

2. An uncashed cheque for ₹ 1000/- bearing no. 21800085 issued on 03.05.2018 (Service Co- operative Bank, Mekkadambu) has not transferred to the head 'stale cheques'.

DEPUTY DIRECTOR